ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് ഗുരുതരമായ പ്രശ്നമാണ്. (ബഹളം).....

(ഈ സമയം ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയണമെന്നും മുഖ്യമന്ത്രി എവിടെയാണെന്നും ചോദിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങി വരികയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അടുത്ത നടപടിയിലേക്ക് കടക്കുന്നതിനെതുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭവിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുള്ളിൽ തിരിച്ചുവരുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) തൃശൂർ കോൾ കൃഷി മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, തൃശൂർ ജില്ലയിലെ മുപ്പതിനായിരത്തോളം ഏക്കർ വരുന്ന കോൾ കൃഷി മേഖല, അറബിക്കടലിന്റെ തീരപ്രദേശമായ ചേറ്റുവ അഴിമുഖത്തുനിന്നും ആറേഴു കിലോമീറ്റർ അകലെ കിടക്കുന്നു. ഈ മേഖല സമുദ്രനിരപ്പിൽനിന്നും രണ്ടുമൂന്ന് മീറ്റർ താഴ്ന്നു കിടക്കുന്നതിനാൽ കൃഷിയാവശ്യത്തിന് പെട്ടിയും പറയും മോട്ടോറുമൊക്കെ ഉപയോഗിച്ച് വെള്ളമടിച്ചാണ് കൃഷി ചെയ്യുന്നത്. കോൾ മേഖലയുടെ പുരോഗതിക്ക് സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ചിരുന്നു. വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കോൾ മേഖലയെ ഏകീകരിക്കുന്നതിന് കോൾ ഡവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചു. ജില്ലാ കളക്ടർ ചെയർമാനായ കെ.ഡി.എ.-യുടെ പ്രവർത്തനങ്ങൾ കെ.എൽ.ഡി.സി.-യാണ് നിർവ്വഹിച്ചിരുന്നത്. നാളിതുവരെ വിവിധ ജോലികൾ ചെയ്തുതീർത്ത വകയിൽ ഏഴുകോടി അമ്പത്തിമൂന്ന് ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റ് അലോക്കേഷനില്ലാതെയും എ.എസ്. ലഭിക്കാതെയും തുടങ്ങിയ പണികൾക്കാണ് ഏറെയും കൊടുത്തുതീർക്കാനുള്ളത്. അതാതു പ്രദേശത്തെ പാടശേഖര കമ്മിറ്റി പ്രസിഡന്റുമാരാണ് കൺവീനർമാരായി ജോലി ചെയ്യിച്ചിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പലിശയ്ക്ക് കടം വാങ്ങി പണികൾ നടത്തിയ പാടശേഖര പ്രസിഡന്റുമാരും കമ്മിറ്റി ഭാരവാഹികളും പണം തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യയുടെ വക്കിലാണ് നിൽക്കുന്നത്. ഇതിനിടയിൽ വലിയ കോൺട്രാക്ടർമാർ ഹൈക്കോടതിയെ സമീപിച്ച് മൂന്ന് മാസത്തിനുള്ളിൽ അവർക്ക് കൊടുക്കാനുള്ള കുടിശ്ശിക (3.5 കോടി രൂപ) കൊടുക്കാൻ ഹൈക്കോടതി ഉത്തരവായിരിക്കുകയാണ്. മുൻഗണനാ ക്രമത്തിൽ കോൺട്രാക്ടർമാർക്ക് പണം കൊടുക്കണമെന്ന് മറ്റൊരു വിധിയുള്ളതിനാലും, ഇപ്പോൾ പണി ചെയ്തുകൊണ്ടിരിക്കുന്ന കോൺട്രാക്ടർമാർക്ക് പണം കൊടുക്കാൻ സാധിക്കാത്തതിനാലും എല്ലാ പണികളും മുടങ്ങിക്കിടക്കുകയാണ്. കോൾ കാർഷിക മേഖലയിലെ മുഴുവൻ പ്രവർത്തനവും മുടങ്ങിക്കിടക്കുകയാണ്. മൊത്തം ഏഴുകോടി അമ്പത്തിമൂന്ന് ലക്ഷം രൂപ അടിയന്തിരമായി തൃശൂരിലെ കോൾ ഡെവലപ്മെന്റ് ഏജൻസിക്ക് കൊടുത്തെങ്കിൽ മാത്രമേ അവർ നടത്തിക്കൊണ്ടിരിക്കുന്ന പണികൾ

10.00 a. m.]

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. സമുദ്ര നിരപ്പിൽനിന്നും താഴ്ന്ന പ്രദേശമായതിനാൽ വെള്ളം അടിച്ച് വറ്റിക്കുന്നതിന് വൈദ്യുതി സൗജന്യം അനുവദിച്ചിരുന്നു. എന്നാൽ കർഷകർക്ക് വൈദ്യുതി സൗജന്യം അനുവദിക്കുന്നതിന് പുതിയ അപേക്ഷ പൂരിപ്പിച്ചു കൊടുക്കണം എന്ന ആവശ്യത്തിന്മേൽ വീണ്ടും അപേക്ഷ സമർപ്പിച്ചില്ല എന്നതിന്റെ പേരിൽ ആയിരക്കണക്കിന് കർഷകരുടെ വൈദ്യുതി വിച്ഛേദിക്കുകയും കുടിശ്ശിക അടയ്ക്കാൻ നിർബ്ബന്ധിക്കുകയും ചെയ്തിരിക്കുന്നു. അടിയന്തിരമായി പ്രസ്തുത വൈദ്യുതി കുടിശ്ശിക കൃഷി വകുപ്പ് വൈദ്യുതി വകുപ്പിൽ അടയ്ക്കുകയും കർഷകർക്ക് വൈദ്യുതി സൗജന്യം പുനഃസ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. പ്രകൃതിക്ഷോഭ പദ്ധതിയിൽ ലഭിച്ച 40 ലക്ഷം രൂപ ചെലവഴിക്കാനുണ്ട്. അനുമതി ലഭിച്ചിട്ടില്ല. കൃഷിക്ക് നാശം വിതയ്ക്കുന്ന ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ വർഷം ജനകീയ പങ്കാളിത്തത്തോടുകൂടി എസ്.ജെ. ആർ.വൈ. സ്കീമിൽപ്പെടുത്തി ചണ്ടി നീക്കം ചെയ്തെങ്കിലും ഇനിയും പൂർത്തിയാക്കാൻ കഴിയാതെ കുറച്ചു കൂടിയുണ്ട്. കനാലുകളിൽ ഒഴുകി നടക്കുന്ന ചണ്ടികളും ഇടബണ്ടുകളും നീക്കം ചെയ്യണം. പണികൾ പൂർത്തീകരിക്കാത്ത എഞ്ചിൻ തറകളും ബണ്ടുകളുടെ പുനർനിർമ്മാണവും കാർഷിക വിഭവങ്ങൾ കൊണ്ടുപോകാനുള്ള ഫാം റോഡുകളും കടലിൽനിന്നും ഉപ്പുവെള്ളം കയറാതിരിക്കാനുള്ള ചെക്ക് ഡാമുകളും നിർമ്മിക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കോൾ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെയേറെ ശ്രദ്ധിക്കുന്നുണ്ട് എന്ന് എനിക്കറിയാം. ഞാനത് നന്ദിയോടെ ഓർക്കുകയാണ്. എന്നാൽ 7.65 കോടി രൂപ കുടിശ്ശിക കൊടുത്തു തീർത്താൽ മാത്രമേ കോൾ കാർഷിക മേഖലയിലെ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ബഡ്ജറ്റ് അലോക്കേഷനിൽപ്പെടുത്തി സപ്ലിമെന്ററി ബഡ്ജറ്റിൽ വകകൊള്ളിച്ച് കേരളത്തിലെ പ്രത്യേക നെല്ലുൽപാദന കേന്ദ്രമായ തൃശൂർ ജില്ലയിലെ കോൾ കാർഷിക മേഖലയെ രക്ഷിക്കണമെന്ന് ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും പ്രത്യേകം ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, തൃശൂർ കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി 1976-ൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പഴയ പദ്ധതികൾ ഉൾപ്പെടെ തൃശൂർ കോൾ വികസന പദ്ധതിയുടെ നടത്തിപ്പിനായി 1996 G.O. (Ms) No. 81/896 dated 14-2-1996 പ്രകാരം 53,716 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്പടി പദ്ധതി തൃശൂർ കോൾ ഡെവലപ്മെന്റ് ഏജൻസിയുടെ നിർദ്ദേശപ്രകാരം കെ.എൽ.ഡി.സി. മുഖേന ചെയ്തു തീർക്കാനായിരുന്നു നിർദ്ദേശം. അടങ്കൽത്തുക താഴെപ്പറയും പ്രകാരമാണ്.

31-3-1995 വരെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഈ പണികൾക്ക് 23.777 കോടി രൂപ. 1996 മുതൽ പുതുക്കി നിർദ്ദേശിച്ച പണികൾക്ക് 29.939 കോടി രൂപ. ആകെ 53.716 കോടി രൂപ. 29.939 കോടി രൂപയുടെ പദ്ധതിയിൽ നബാർഡ് ധനസഹായം 20 കോടി രൂപ. സർക്കാർ സഹായം 9.939 കോടി രൂപ. ഇപ്രകാരം ഭരണാനുമതി ലഭിച്ച പണികൾക്ക് കൂടാതെ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാനായി കെ.ഡി.എ. നിർദ്ദേശപ്രകാരം 31-3-2001 വരെ 38.9 കോടി രൂപയുടെ പണികൾ തൃശൂർ കോൾ നിലങ്ങളിൽ ചെയ്തു കഴിഞ്ഞു. ഈ തീയതി വച്ച് തൃശൂർ കോൾ നില വികസന

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസി പണി തീർത്തതായി പ്രഖ്യാപിക്കുകയും ചെയ്തു. നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ധനസഹായം നൽകാമെന്ന് സമ്മതിച്ചെങ്കിലും 15.27 കോടി രൂപ മാത്രമാണ് റിലീസ് ചെയ്തത്. ബാക്കി തുകയായ 4.73 കോടി രൂപ നാളിതുവരെ തന്നിട്ടില്ല. എന്നാൽ സർക്കാർ ഫണ്ടിൽ ഉൾപ്പെടുത്തി ഏകദേശം 38.9 കോടി രൂപയുടെ പ്രവർത്തനങ്ങൾ ഈ പണം ഉൾപ്പെടുത്തി ചെയ്ത് തീർത്തിട്ടുണ്ട്. ഇങ്ങനെ ഭരണാനുമതി ലഭിച്ച ആദ്യത്തെ പ്രവൃത്തികൾക്കുപുറമേ ചെയ്തു തീർത്ത ഏകദേശം 9 കോടി രൂപയുടെ പ്രവൃത്തികൾക്കും നാളിതുവരെ സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. കെ.ഡി.എ. സർക്കാരിന് സമർപ്പിച്ചതനുസരിച്ച് പുതിയ എസ്റ്റിമേറ്റിന് അനുമതി ഇല്ലാതെയാണ് ഈ പണികളൊക്കെ ചെയ്തത്. മേൽപ്പടി പദ്ധതിപ്രകാരം പണി പൂർത്തീകരിച്ചെങ്കിലും കരാറുകാർക്ക് ഏകദേശം 5.7 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. ചില കേസുകൾ ഉൾപ്പെടുന്ന പണികൾ പുനരാരംഭിച്ച് ചെയ്ത് തീർക്കാനായി അഡ്വാൻസ് തുക കഴിച്ച് ഇനി 2.13 കോടി രൂപ കൂടി ആവശ്യമായി വരുന്നുണ്ട്. അങ്ങനെ ഏകദേശം 7.83 കോടി രൂപ അത്യാവശ്യമായി സർക്കാർ അനുവദിക്കണമെന്ന് കാണിച്ച് കെ.എൽ.ഡി.സി. ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. ഈ പണികളിൽ പലതും ഗവൺമെന്റിന്റെ അനുമതി ഇല്ലാത്തതും അതുപോലെ നേരത്തെ അനുമതി വാങ്ങാതെ കൊടുത്ത പണം മറ്റാവശ്യങ്ങൾക്ക് തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഏതായാലും ഇത് സംബന്ധിച്ച് ഈ ഗവൺമെന്റ് എങ്ങനെ ഈ പണം കൊടുത്തു തീർക്കാമെന്ന് ആലോചിച്ചു വരികയാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: കേരളത്തിലെ പ്രത്യേക നെല്ലുൽപാദക കേന്ദ്രമായ തൃശൂർ കോൾ കാർഷിക മേഖലയെ രക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കുടിശ്ശിക കൊടുത്തു തീർക്കാൻ 7.83 കോടി രൂപ കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ആലോചിച്ച് നോക്കട്ടെ. ഇതിനൊരു കമ്മിറ്റിയെ ഇവിടെ വച്ച് വിളിക്കാം. അതിനുശേഷം ആവശ്യമായ പണം കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ എങ്ങനെ വേണമെന്ന് ആലോചിക്കാം.

(2) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെയും പരമ്പരാഗത വ്യവസായ മേഖലയിലെയും തൊഴിലാളികൾക്ക് സഹായവും സംരക്ഷണവും നൽകുന്നതിന് നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ: കേരളത്തിലെ തൊഴിലാളികളെ സംബന്ധിക്കുന്ന വളരെ ഗൗരവമുള്ള ഒരു വിഷയത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഏകദേശം രണ്ട് ലക്ഷത്തോളം തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിന്റേയും തോട്ടങ്ങൾ അടച്ചുപൂട്ടി കിടക്കുന്നതിന്റേയും പരമ്പരാഗത വ്യവസായങ്ങളിലുണ്ടായിട്ടുള്ള പ്രതിസന്ധിയുടെയും ഫലമായി ഇന്ന് ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഞാൻ അതിന്റെ വിശദമായ കണക്കുകൾ ഇവിടെ പറയുന്നില്ല. ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെയും സബ്മിഷനിലൂടെയും ഈ വിഷയങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly